"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - പത്തനംതിട്ട റാന്നി എസ്.സി.എച്ച്.എസ്.എസ്. ലെ എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) ശ്രീമതി ലിജി തോമസ് ഫയൽ ചെയ്ത റിട്ട് ഹർജി 2441/2025 മേലുള്ള 21.01.2025 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3874/2025/GEDN തീയതി,തിരുവനന്തപുരം, 16-06-2025

പരാമർശം:-

1. ശ്രീമതി ലിജി തോമസ് സമർപ്പിച്ച 10/01/2025 ലെ റിവിഷൻ ഹർജി. (എക്സിബിറ്റ് പി10)
2. റിട്ട് ഹർജി 2441/2025 മേലുള്ള 21.01.2025 ലെ വിധിന്യായം.
3. പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ 15/03/2025-ലെ DDEPTA/906/2025-B4 നമ്പർ കത്ത്.
4. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17/03/2025-ലെ DEOPTA/320/2025-B6 നമ്പർ കത്ത്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 31/03/2025-ലെ ഇ.റ്റി3/4323/25/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട റാന്നി എസ്.സി.എച്ച്.എസ്.എസ്. ലെ എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) ശ്രീമതി ലിജി തോമസ് ഫയൽ ചെയ്ത റിട്ട് ഹർജി 2441/2025 മേലുള്ള 21.01.2025 ലെ വിധിന്യായത്തിൽ ഹർജിക്കാരി ഫയൽ ചെയ്ത എക്സിബിറ്റ് പി10 റിവിഷൻ പെറ്റീഷൻ തീർപ്പുകല്പിക്കുവാനും ആയത് വരെ ഹർജിക്കാരിക്ക് താഴ്ന്ന തസ്തികയിലെ വേതനം നൽകുവാനും ബഹു. കോടതി ഉത്തരവാകുകയുണ്ടായി.

2.ടി വിഷയത്തിന്മേലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ചുവടെപ്പറയും പ്രകാരമാണ്.

"റാന്നി സിറിയൻ ക്രിസ്ത്യൻ ഹൈസ്കൂളിൽ ഹയർ സെക്കന്ററി വിഭാഗം ഇംഗ്ലീഷ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി ആൻസി വർഗീസിന്റെ ഒഴിവിലേക്ക് ഹൈസ്കൂൾ വിഭാഗം ഇംഗ്ലീഷ് അധ്യാപികയായി 05/07/2023 പ്രാബല്യം മുതൽ സ്ഥാനക്കയറ്റം നൽകി നിയമിക്കപ്പെട്ട ശ്രീമതി ലിജി തോമസിന്റെ നിയമനാംഗീകാരത്തിനായുള്ള അപേക്ഷ മാനേജർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചിരുന്നു.

റാന്നി എസ്.സി. ഹൈസ്കൂളിൽ യു.പി.എസ്.ടി ആയി ജോലി ചെയ്തു വന്നിരുന്ന ശ്രീമതി ബെറ്റ്സി കെ. ഉമ്മൻ 19/07/2021 പ്രാബല്യത്തിൽ സ്ഥാനക്കയറ്റം ലഭിച്ച് എച്ച്.എസ്.ടി ആയി

നിയമനം ലഭിച്ച ഒഴിവിൽ, 19/07/2021 പ്രാബല്യത്തിൽ ശ്രീമതി ലിജി തോമസിനെ യു.പി.എസ്.ടി ആയി മാനേജർ നിയമിക്കുകയും, പൊതു വിദ്യാഭ്യാസ വകുപ്പിലെ ജെ.ആർ1/502/2023-പൊവിവ തീയതി 01/11/2023 ഉത്തരവ് പ്രകാരം, യോഗ്യതയില്ലാത്തതിനാലോ സീനിയോറിറ്റി പ്രശ്നങ്ങളാലോ നിയമനാംഗീകാരം നൽകുന്നതിന് തടസ്സമാകുന്ന മറ്റെന്തെങ്കിലും കാരണങ്ങളാലോ നിയമനാംഗീകാരം നൽകാൻ കഴിയാത്ത കേസുകളിലൊഴികെ, ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് റോസ്റ്റർ സമർപ്പിക്കുന്നതിലെ വീഴ്ചയോ, റോസ്റ്ററിലെ അപാകതയോ മാത്രമാണ് നിയമനാംഗീകാരം നല്കാതിരുന്നതിന്റെ കാരണമെങ്കിൽ അത് കണക്കിലെടുക്കാതെ 18/11/2018 നും 08/11/2021 നും ഇടക്കുണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് പ്രൊവിഷണലായി നിയമനാംഗീകാരം നൽകുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. നിയമിക്കപ്പെടുന്നവർക്ക് പ്രൊബേഷൻ പൂർത്തീകരിച്ച് നൽകുവാനോ, ഇൻക്രിമെന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ ഒന്നും തന്നെ നല്കാൻ പാടുള്ളതല്ല എന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാരിയുടെ യു.പി.എസ്.ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ താത്കാലികമായി ശമ്പള സ്കെയിലിൽ അംഗീകരിച്ച് ഉത്തരവായിരുന്നു.

ശ്രീമതി ലിജി തോമസിന്റെ യു.പി.എസ്.ടി തസ്തികയിലെ നിയമനം ഭിന്നശേഷി നിയമപ്രകാരം താൽക്കാലികമായാണ് അംഗീകരിച്ചത്. ഇപ്രകാരം നിയമിക്കപ്പെടുന്നവർക്ക് പ്രൊബേഷൻ പൂർത്തീകരിച്ച് നൽകുവാനോ ഇൻക്രിമെന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ ഒന്നും തന്നെ നല്കാൻ പാടുള്ളതല്ല. ഇപ്രകാരം നിയമനം ലഭ്യമാകുന്നവർക്ക് കെ.ഇ.ആർ അദ്ധ്യായം 14 റൂൾ 43 അവകാശം ലഭ്യമാക്കി സ്ഥാനക്കയറ്റം നൽകണമെന്ന സർക്കാർ കത്തുകളിലോ, ഉത്തരവുകളിലൊന്നും നിഷ്കർഷിക്കുന്നില്ല. ആയതിനാൽ G.O.(P) 111/2022, 25/06/2022, 24/03/2023-ലെ സ.ഉ.(കൈ) നം.29/2023/22, 31/03/23 H 2/295299/2022/ഡിജിഇ എന്നീ ഉത്തരവുകൾ പ്രകാരം ശ്രീമതി ലിജി തോമസിന്റെ പ്രൊമോഷൻ നിയമനം പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചുത്തരവായിരുന്നു.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ 22/02/2025 തീയതിയിലെ നം.ഡിജിഇ/15133/2023-എച്ച്2-പാർട്ട് (1) സർക്കുലർ പ്രകാരം പ്രൊവിഷണൽ നിയമനാംഗീകാരം ലഭിച്ച ജീവനക്കാരുള്ള സ്കൂളുകളിൽ അതാത് മാനേജ്മെന്റുകളിൽ ഉയർന്ന തസ്തികകളിൽ ഒഴിവുണ്ടാകുമ്പോൾ സീനിയോറിറ്റി അനുസരിച്ച് പ്രൊവിഷണലായി നിയമനാംഗീകാരം ലഭിച്ചവരാണ് അർഹരാകുന്നതെങ്കിൽ അവർക്ക് ഉയർന്ന തസ്തികകളിൽ ചട്ടം 43 അവകാശം ഉള്ളതായി കണക്കാക്കി പ്രൊവിഷണലായി നിയമനാംഗീകാരവും ടി തസ്തികയിലെ ശമ്പളവും അനുവദിക്കുവാനും അനുമതി നല്കിയിട്ടുണ്ട്. ഇത്തരത്തിൽ മുൻപ് നിരസിക്കപ്പെട്ടിരുന്ന എല്ലാ നിയമനങ്ങളും അപ്പലേറ്റ് ഉത്തരവുകൂടാതെ തന്നെ പുന:പരിശോധിച്ച് നിയമാനുസൃതം തീർപ്പ് കൽപ്പിക്കുവാനും നിർദേശം നൽകിയിട്ടുണ്ട്. മേൽ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ലിജി തോമസിന്റെ ഹൈസ്കൂൾ വിഭാഗം ഇംഗ്ലീഷ് തസ്തികയിലേക്കുള്ള 05.07.2023 പ്രാബല്യം മുതലുള്ള സ്ഥാനക്കയറ്റ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ പുന:പരിശോധിച്ചുവരുന്നു."

3. സർക്കാർ ഈ വിഷയം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും നിലവിലുള്ള ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 05.07.2023 മുതലുള്ള സ്ഥാനക്കയറ്റ നിയമനത്തിന് നിയമന തീയതി മുതൽ അംഗീകാരവും

ആനുകൂല്യങ്ങളും അനുവദിക്കുന്നതിനും 2024-25 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റിവൈസ് ചെയ്ത് ലഭ്യമായിട്ടുള്ള എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തിക അനുവദിക്കുന്നതിനും പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നും നിവേദനത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതുവരെ ലോവർ സ്കെയിലിൽ ലഭിച്ചുകൊണ്ടിരുന്ന ശമ്പളം അനുവദിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവാകണമെന്നുമാണ് റിവിഷൻ ഹർജിയിലെ ആവശ്യം.

4. റാന്നി എസ്.സി. ഹൈസ്കൂളിൽ യു.പി.എസ്.ടി ആയി ജോലി ചെയ്തു വന്നിരുന്ന ശ്രീമതി ബെറ്റ്സി കെ. ഉമ്മൻ 19/07/2021 പ്രാബല്യത്തിൽ സ്ഥാനക്കയറ്റം ലഭിച്ച് എച്ച്.എസ്.ടി ആയി നിയമനം ലഭിച്ച ഒഴിവിൽ, 19/07/2021 പ്രാബല്യത്തിൽ ശ്രീമതി ലിജി തോമസിനെ യു.പി.എസ്.ടി ആയി മാനേജർ നിയമിക്കുകയും ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഭിന്നശേഷി നിയമപ്രകാരം താത്കാലികമായി ശമ്പള സ്കെയിലിൽ അംഗീകരിച്ച് നൽകുകയുമുണ്ടായി. തുടർന്ന് റാന്നി സിറിയൻ ക്രിസ്ത്യൻ ഹൈസ്കൂളിൽ ഹയർ സെക്കന്ററി വിഭാഗം ഇംഗ്ലീഷ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി ആൻസി വർഗീസിന്റെ ഒഴിവിലേക്ക് ഹൈസ്കൂൾ വിഭാഗം ഇംഗ്ലീഷ് അധ്യാപികയായി ശ്രീമതി ലിജി തോമസിനെ 05/07/2023 പ്രാബല്യം മുതൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചു. ടി പ്രൊമോഷൻ നിയമനംG.O.(P)111/2022, 25/06/2022, 24/03/2023-ലെ സ.ഉ.(കൈ)നം.29/2023/22, 31/03/23 H2/295299/2022/ഡിജിഇ എന്നീ ഉത്തരവുകൾ പ്രകാരം പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയുണ്ടായി.

5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ 22/02/2025 തീയതിയിലെ നം.ഡിജിഇ/15133/2023-എച്ച്2-പാർട്ട് (1) സർക്കുലർ പ്രകാരം പ്രൊവിഷണൽ നിയമനാംഗീകാരം ലഭിച്ച ജീവനക്കാരുള്ള സ്കൂളുകളിൽ അതാത് മാനേജ്മെന്റുകളിൽ ഉയർന്ന തസ്തികകളിൽ ഒഴിവുണ്ടാകുമ്പോൾ സീനിയോറിറ്റി അനുസരിച്ചു പ്രൊവിഷണലായി നിയമനാംഗീകാരം ലഭിച്ചവരാണ് അർഹരാകുന്നതെങ്കിൽ അവർക്ക് ഉയർന്ന തസ്തികകളിൽ ചട്ടം 43 അവകാശം ഉള്ളതായി കണക്കാക്കി പ്രൊവിഷണലായി നിയമനാംഗീകാരവും ടി തസ്തികയിലെ ശമ്പളവും അനുവദിക്കുവാനും അനുമതി നല്കിയിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ 22/02/2025 തീയതിയിലെ നം.ഡിജിഇ/15133/2023-എച്ച്2-പാർട്ട് (1) സർക്കുലറിലെ നിർദ്ദേശ പ്രകാരം മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ ശ്രീമതി ലിജി തോമസിന്റെ പ്രൊമോഷൻ നിയമനം അംഗീകരിച്ച് നൽകുന്നതിനും ആയത് വരെ ലോവർ സ്കെയിലിൽ ലഭിച്ചുകൊണ്ടിരുന്ന ശമ്പളം അനുവദിച്ച് നൽകുന്നതിനും 2024-25 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റിവൈസ് ചെയ്ത് ലഭ്യമായിട്ടുള്ള എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തിക അനുവദിക്കണമെന്ന ഹർജിക്കാരിയുടെ ആവശ്യത്തിന്മേൽ പരിശോധിച്ച് തീരുമാനമെടുക്കുവാനും പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. മേൽപ്രകാരം എക്സിബിറ്റ് പി10 റിവിഷൻ ഹർജി തീർപ്പാക്കി ബഹു. ഹൈക്കോടതിയുടെ റിട്ട് ഹർജി 2441/2025 മേലുള്ള 21.01.2025 ലെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)
ശ്രീമതി ലിജി തോമസ്, എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്), എസ്.സി. എച്ച്.എസ്.എസ്. റാന്നി, ചെല്ലക്കാട് പി.ഒ., പത്തനംതിട്ട-689 677.
മാനേജർ, എസ്.സി. എച്ച്.എസ്.എസ്. റാന്നി, ചെല്ലക്കാട് പി.ഒ., പത്തനംതിട്ട-689 677.
പ്രിൻസിപ്പാൾ, എസ്.സി. എച്ച്.എസ്.എസ്. റാന്നി, ചെല്ലക്കാട് പി.ഒ., പത്തനംതിട്ട-689 677.
വൈസ് പ്രിൻസിപ്പാൾ (എച്ച്.എം), എസ്.സി. എച്ച്.എസ്.എസ്. റാന്നി, ചെല്ലക്കാട് പി.ഒ., പത്തനംതിട്ട-689 677.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവല്ല, പത്തനംതിട്ട-689 101.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട-689 645.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/24/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Sindhu.s
Date: 17-06-2025 12:35:52
സെക്ഷൻ ഓഫീസർ